
# സംരംഭം തുടങ്ങണോ? സർക്കാർ അനുമതികളെല്ലാം റെഡി, ഏതാനും ക്ലിക്കുകളിൽ




കേരളത്തിൽ സംരംഭം തുടങ്ങാൻ തയാറെടുക്കുകയാണോ നിങ്ങൾ? ആവശ്യമായ ലൈസൻസുകളും സർക്കാർ അനുമതികളും നേടിയെടുക്കാൻ എത്ര മാസങ്ങൾ, എവിടെയെല്ലാം അലയേണ്ടിവരും എന്ന ആശങ്കയുണ്ടല്ലേ?

എങ്കിൽ അറിയുക, ഇപ്പോൾ കേരള സർക്കാരിനു കീഴിലെ 21 വകുപ്പുകളിൽനിന്നുള്ള 85 ൽ ഏറെ അനുമതികൾ ഒരൊറ്റ വെബ് പോർട്ടൽ വഴി വീട്ടിലിരുന്നു തന്നെ റെഡിയാക്കാം. അതും പരമാവധി 30 ദിവസത്തിനുള്ളിൽ തന്നെ.

കേരളത്തിൽ അസാധ്യമെന്നു കരുതിയിരുന്നത് സാധ്യമാക്കിയിരിക്കുകയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി).

കെ-സ്വിഫ്റ്റ് (Keralal Single Window Interface for Fast and Transparent Clearance) എന്ന ഏക ജാലക ക്ലിയറൻസ് വെബ് പോർട്ടലാണ് കെഎസ്ഐഡിസി ഇതിനായി ഒരുക്കിയിരിക്കുന്നത്.

## 2,800 കോടിയുടെ നിക്ഷേപം

2019 ഫെബ്രുവരിയിൽ തുടങ്ങിയ കെ സിഫ്റ്റിൽ ഇതിനകം 53,842 പേർ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4,837 നോർമൽ ക്ലിയറൻസും 28,349 എംഎസ്എംഇ ക്ലിയറൻസും ലഭ്യമാക്കിക്കഴിഞ്ഞു. സംസ്ഥാനത്ത് 2,800 കോടി രൂപയുടെ നിക്ഷേപവും കെ-സ്വിഫ്റ്റിലൂടെ സാധ്യമാക്കിയിട്ടുണ്ട്.

ലൈസൻസുകൾക്കായി ഓഫിസുകൾ കയറിയിറങ്ങി മടുത്ത് നാടു വിട്ടുപോകുന്നവരുടേയും ആത്മഹത്യ ചെയ്തവരുടെയും ദുരന്തകഥകൾ കേട്ടു ശീലിച്ച മലയാളിയെ ഇനി കാത്തിരിക്കുന്നത് ബിസിനസ് വിജയങ്ങളുടെ പുത്തൻ അനുഭവപാഠങ്ങളാകും. അതിനായി വ്യവസായ



**എസ്. ഹരികിഷോർ**
മാനേജിങ് ഡയറക്ടർ
കെഎസ്ഐഡിസി

ആവശ്യമായ വിവരങ്ങളും രേഖകളും അടക്കം ശരിയായ രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ സംസ്ഥാനത്തെ നിയമങ്ങളുടെ കീഴിലുള്ള അനുമതികളെല്ലാം 30 ദിവസത്തിനുള്ളിൽ കെ-സ്വിഫ്റ്റ് വഴി തീർപ്പു കൽപിച്ചിരിക്കും.

**ഇനി ആ നിശ്ചിത സമയപരിധിക്കുള്ളിൽ അനുമതി കിട്ടിയില്ലെങ്കിലോ?**

അനുമതികൾ ഓട്ടമാറ്റിക്കായി (കൽപിത അനുമതി-deemed License) ലഭിക്കുകയും സംരംഭകനു മറ്റു പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യാം. അപേക്ഷകൾ വച്ചു താമസിപ്പിക്കാനോ സംരംഭകനെ ഓരോരോ കാര്യങ്ങൾ പറഞ്ഞ് ഓഫിസുകൾ കയറിയിറക്കാനോ ഉദ്യോഗസ്ഥർക്കു സാധിക്കില്ല.

ഓരോ അപേക്ഷയുടെയും വിശദാംശങ്ങൾ വ്യവസായ വകുപ്പ് മേധാവികൾക്ക് അതതു സമയത്ത് അറിയാം. ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷ നീങ്ങാതെ കിടന്നാൽ കൃത്യമായി അറിയാൻ സാധിക്കുന്ന ഡാഷ് ബോർഡുണ്ട്. ടെക്നോളജിയെ പരമാവധി വിനിയോഗിച്ച് സാധാരണ സംരംഭകർക്ക് അങ്ങേയറ്റം സുഗമമായ സംവിധാനമാണ് കെ-സ്വിഫ്റ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.







## കെ–സ്വിറ്റിന് വന്നതിന്റെ നേട്ടം

**കെ –സിഫ്റ്റ് വന്നതോടെ ലൈസൻസു ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ ഉണ്ടായിരുന്ന സ്ഥിതി മൊത്തം മാറിയിരിക്കുകയാണ്.**

- എല്ലാ അനുമതികൾക്കും ഒരൊറ്റ സംവിധാനം, അതും ഓൺലൈനായി അപേക്ഷിക്കാം
- നിങ്ങളുടെ സംരംഭത്തിന് ഏതെല്ലാം അനുമതികൾ വേണമെന്ന് കെ–സ്വിഫ്റ്റ് തന്നെ പറയും.
- അപേക്ഷ സംബന്ധിച്ച് വിവരങ്ങൾ എസ്എംഎസ് /ഇ–മെയിൽ ആയി അതത് സമയത്ത് ലഭിക്കും.
- 30 ദിവസത്തിനുള്ളിൽ അറിയിപ്പൊന്നുമില്ലെങ്കിൽ കൽപിത അനുമതി
- വീട്ടിലിരുന്നുതന്നെ ഫീസ് അടയ്ക്കാനുള്ള സംവിധാനങ്ങൾ.
- മതിയായ ഫീസ് നൽകി അനുമതികൾ ഓട്ടമാറ്റിക്കായി പുതുക്കാം.
- ഡിജിറ്റലി സൈൻ ചെയ്ത സർട്ടിഫിക്കറ്റുകൾ സംരംഭകർക്കു ഡൗൺലോഡ് ചെയ്യാം.
- പരാതികളുണ്ടെങ്കിൽ ഓൺലൈനായി നൽകാം. ഒരു ഉദ്യോഗസ്ഥനും അപേക്ഷ വച്ചു താമസിപ്പിക്കാൻ സാധിക്കില്ല.

സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ കെഎസ്ഐഡിസി ആവിഷ്കരിച്ചു നടപ്പാക്കുന്ന ഒട്ടേറെ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കെ –സിഫ്റ്റ് എന്ന ഈ ഏക ജാലക സംവിധാനം.

## തുടക്കമിട്ടത് ലോകബാങ്ക്

നാട്ടിൽ വികസനവും സമ്പത്തും തൊഴിലും സൃഷ്ടിക്കേണ്ട സംരംഭകരെ നെട്ടോട്ടമോടിക്കുന്നത് അവസാനിച്ചാലേ ലോകത്തു പട്ടിണി മാറി പുരോഗതിയുണ്ടാകൂ എന്നു മനസ്സിലാക്കി ലോകബാങ്ക് 2003 ൽ ആണ് രാജ്യങ്ങൾക്ക് വ്യവസായ സൗഹൃദ റേറ്റിങ് നൽകിത്തുടങ്ങിയത്. ഇതിന്റെ തുടർച്ചയായി സംസ്ഥാനങ്ങളിലെ വ്യവസായന്തരീക്ഷം മെച്ചപ്പെടുത്താൻ കേന്ദ്ര വ്യവസായ വകുപ്പ് ഈസ് ഓഫ് ഡൂയിങ് റാങ്കിങ് കൊണ്ടുവന്നു. 2016 ൽ കേരളം കെഎസ്ഐഡിസിയെ നോഡൽ ഏജൻസിയായി നിയോഗിച്ച് ബിസിനസ് പരിഷ്കാര നടപടികൾ തുടങ്ങി. അനുമതികൾ സമയബന്ധിതമായി നൽകാനായി കെ–സ്വിഫ്റ്റ് 2019 ഫെബ്രുവരിയിൽ അവതരിപ്പിച്ചു.

## അപേക്ഷിക്കാം ഏതാനും ക്ലിക്കിലൂടെ

http://www.kswift.kerala.gov.in എന്ന പോർട്ടലിൽ നിങ്ങൾക്ക് നേരിട്ടു കയറി അപേക്ഷ നൽകാം. അതിന് ആദ്യം ഇ–മെയിലും മൊബൈൽ നമ്പറും നൽകി വൺ ടൈം റജിസ്ട്രേഷൻ നടത്തണം. വിവിധ വകുപ്പുകളുടെ അനുമതി നേടാനും ലഭിച്ച അനുമതികൾ പുതുക്കാനും 'File Common Application Form (CAF) for approvals' ലാണ് ക്ലിക് ചെയ്യേണ്ടത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽപെടാത്ത സംരംഭം ആരംഭിക്കാൻ MSME Acknowledgement Cerificate എന്നതിലാണ് ക്ലിക് ചെയ്യേണ്ടത്.

---

**ഓരോ അപേക്ഷയുടെയും വിശദാംശങ്ങൾ വ്യവസായ വകുപ്പ് മേധാവികൾക്ക് അതതു സമയത്ത് അറിയാം. ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷ മുന്നോട്ടുനീങ്ങാതെ കിടന്നാൽ കൃത്യമായി അറിയാനും നടപടി എടുക്കാനും സംവിധാനമുണ്ട്.**

---

ആദ്യം നിങ്ങളുടെ സംരംഭത്തിന്റെ പേരു നൽകുക.

പോർട്ടലിലെ ചോദ്യങ്ങൾക്കുള്ള മറുപടിയായി സംരംഭത്തെ കുറിച്ചുള്ള പരമാവധി വിവരങ്ങൾ നൽകണം. ഇതിലൂടെ സംരംഭ സ്വഭാവം മനസ്സിലാക്കി ആവശ്യമായ അനുമതികളേതെല്ലാമെന്ന് സിസ്റ്റം തന്നെ നിങ്ങളോടു നിർദേശിക്കും.

- മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ CAF പൂരിപ്പിച്ച് സമർപ്പിക്കുക.
- വിവിധ വകുപ്പുകളിൽനിന്നു വേണ്ട അനുമതികളുടെ കാര്യങ്ങൾ പൂരിപ്പിക്കുക.
  ഇത്രയും ചെയ്താൽ ആവശ്യമായ ഫീസ് എത്രയെന്ന് സിസ്റ്റം പറയും. ആ തുക അടച്ച് അപേക്ഷ സമർപ്പിക്കണം
- അപേക്ഷ സമർപ്പിച്ചാലുടൻ വകുപ്പുകൾ പ്രോസസിങ് ആരംഭിക്കും. കൂടുതൽ വിവരങ്ങൾ വേണമെങ്കിലും ഫീസ് കൂടുതൽ അടയ്ക്കണമെങ്കിലും കെ–സ്വിഫ്റ്റിലൂടെ അക്കാര്യം അപേക്ഷകനെ അറിയിക്കും.
- 30 ദിവസത്തിനുള്ളിൽ അപേക്ഷ നിരസിച്ചെന്നോ അനുമതി അറിയിപ്പോ ലഭിക്കും. ഇല്ലെങ്കിൽ കൽപിത അനുമതിയായി എന്നു കരുതാം.
- ഇ–മെയിൽ വഴിയും എസ്എംഎസ് വഴിയും അപ്പപ്പോൾ അലേർട്ടുകളും അക്നോളജ്മെന്റും ലഭിക്കും.
- അപേക്ഷയുടെ പ്രോസസിങ് കാര്യങ്ങൾ യുണീക് നമ്പർ വച്ച് അറിയാൻ സാധിക്കും. ●



